**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** **30-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം വിമാനത്താവളത്തിന്റെ അന്താരാഷ്ട്ര പദവി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം വിമാനത്താവളത്തിന്റെ അന്താരാഷ്ട്ര പദവി നിലനിർത്തുന്നതിന്റെ ഭാഗമായി വിമാനത്താവള വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുത്തു നൽകുന്ന നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അന്താരാഷ്ട്ര വ്യോമയാന മാനദണ്ഡങ്ങളുടെ ഭാഗമായ RESA (റൺവേ എൻഡ് സേഫ്റ്റി ഏരിയ) വികസനത്തിനായി ചാക്ക ഐ.ടി.ഐ മുതൽ ആൾ സെയിന്റ്സ് കോളേജ് ജംഗ്ഷൻ വരെയുള്ള ഭാഗത്തെ ഭൂമി ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് വരുന്നു. |
| (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെല്ലാം സ്ഥാപനങ്ങളെ പ്രസ്തുത സ്ഥലം ഏറ്റെടുപ്പ് ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | (ബി) | ചാക്ക അഗ്നി ശമന നിലയം ചാക്ക ഗവ. ഐ.റ്റി.ഐ, കേന്ദ്ര സർക്കാർ സ്ഥാപനായ ബ്രഹ്മോസ് ഏറോസ്പേസ് തിരുവനന്തപുരം ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഭൂമി ഈ ആവശ്യത്തിനായി ഏറ്റെടുക്കേണ്ടി വരും. |
| (സി) | സംസ്ഥാന സർക്കാർ കേന്ദ്ര പ്രതിരോധമേഖലയ്ക്ക് കൈമാറിയ ബ്രഹ്മോസ് എയറോസ്പേസ് തിരുവനന്തപുരം ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കാൻ ഇടയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ഇത് സംബന്ധിച്ച് ഡി.ആർ.ഡി.ഒ-യുമായും ബ്രഹ്മോസ് ഏറോസ്പേസുമായും ചർച്ചകൾ പുരോഗമിച്ചു വരുന്നു. ഫയർ & റസ്ക്യൂ സർവീസ്, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ് എന്നിവയുമായും ചർച്ചകൾ പുരോഗമിക്കുന്നു. ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ അളവ്, നഷ്ടപരിഹാരത്തുക എന്നിവ അന്തിമമായിട്ടില്ല. നിലവിലുള്ള റോഡ് റീ-അലൈൻമെന്റ്, റൺവേ എന്നിവയുടെ രൂപരേഖ അന്തിമമാക്കുന്ന മുറയ്ക്ക് ഇക്കാര്യങ്ങളിൽ വ്യക്തത വരുന്നതാണ്. |
| (ഡി) | ഇതു സംബന്ധിച്ച് കേന്ദ്ര പ്രതിരോധ വകുപ്പോ ബ്രഹ്മോസ് എയറോസ്പേസോ സംസ്ഥാന സർക്കാരുമായി എന്തെങ്കിലും കത്തിടപാടുകളോ ചർച്ചകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഉണ്ട്. ഇത് സംബന്ധിച്ച് ഡി.ആർ.ഡി.ഒ-യുമായും ബ്രഹ്മോസ് ഏറോസ്പേസുമായും ചർച്ചകൾ പുരോഗമിച്ചു വരുന്നു. ഫയർ & റസ്ക്യൂ സർവീസ്, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ് എന്നിവയുമായും ചർച്ചകൾ പുരോഗമിക്കുന്നു. ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ അളവ്, നഷ്ടപരിഹാരത്തുക എന്നിവ അന്തിമമായിട്ടില്ല. നിലവിലുള്ള റോഡ് റീ-അലൈൻമെന്റ്, റൺവേ എന്നിവയുടെ രൂപരേഖ |

| | | | |
|---|---|---|---|
| | | | അന്തിമമാക്കുന്ന മുറയ്ക്ക് ഇക്കാര്യങ്ങളിൽ വ്യക്തത വരുന്നതാണ്. |

സെക്ഷൻ ഓഫീസർ